**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5259** **12-08-2021 - ൽ മറുപടിയ്ക്ക്**

**പാറമടകളും ജനവാസ കേന്ദ്രങ്ങളും തമ്മിലുള്ള ദൂരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പാറമടകളും ജനവാസ കേന്ദ്രങ്ങളും തമ്മിലുള്ള ദൂരം ഇരുന്നൂറ് മീറ്ററായി കൂട്ടണമെന്ന നിയമസഭ പരിസ്ഥിതി സമിതിയുടെ ശിപാർശയിൻമേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് അറിയിക്കുമോ; ശിപാർശ നടപ്പാക്കുന്നതിൽ എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | (എ) | നിയമസഭാ പരിസ്ഥിതി സമിതിയുടെ ശുപാർശയിന്മേൽ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ചുള്ള വിഷയം പരിശോധിച്ചു വരികയാണ്. ബഹു.ദേശീയ ഹരിത ട്രൈബ്യൂണലിന്റെ OA No.304/2019 മേലുള്ള 21.07.2020 തീയതിയിലെ ഉത്തരവു പ്രകാരം ജനവാസകേന്ദ്രങ്ങളിൽ നിന്നും സ്ഫോടക വസ്തുക്കളുപയോഗിച്ച് ഖനനം നടത്തുന്ന സ്റ്റോൺ ക്വാറികളിലേക്കുള്ള ദൂരപരിധി 200 മീറ്റർ ആയി നിജപ്പെടുത്തിയിട്ടുള്ളതാണ്. ട്രിബ്യൂണലിന്റെ മേൽ ഉത്തരവിന് എതിരെ കേരളത്തിലെ ക്വാറിയുടമകൾ ഫയൽ ചെയ്തിട്ടുള്ള ഒരു കൂട്ടം SLP കേസുകൾ ബഹു. സുപ്രീംകോടതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ